ശ്രീ. ഇ. കെ. നായനാർ : വരൾച്ചയുടേയും ഉവളപ്പാക്കത്തിന്റേയും ഫലമായി 50 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ കൊടുക്കുമെന്ന് അവിടെ വന്നു വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ ഒരു നയാപൈസ ഇതുവരെ കൊടുത്തിട്ടില്ല. എന്റെ ചോദ്യം മൂവായിരം രൂപവരെ കടമുള്ളവർക്ക് അത് റദ്ദാക്കാനും, അതിനുശേഷമുള്ളവർക്ക് അവധിവച്ച് കൊടുക്കാനുമുള്ള നടപടി ഗവൺമെന്റ് പരിശോധിക്കുമോ എന്നാണ്.

ശ്രീ. പി. ജെ. ജോസഫ് : 50 ലക്ഷം രൂപയല്ല ഒന്നരക്കോടി രൂപയോളം അവിടെ കൊടുക്കുകയുണ്ടായി. ഈ കടം റദ്ദാക്കുന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഈ നിയമസഭയിൽ ഇതിനുമുമ്പു പറഞ്ഞിട്ടുള്ളതാണ്. വരൾച്ച ബാധിച്ച സമയത്തെകാര്യമാണ് പ്രതിപക്ഷനേതാവ് ചോദിച്ചത്. വായ്പ റദ്ദാക്കാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഇത് ആദ്യമേ പറഞ്ഞതാണ്.

ശ്രീ. വി. ദിനകരൻ : കൃഷിക്കാരെ ബാദ്ധ്യതകളിൽ നിന്നും ഒഴിവാക്കുന്നതിനായിട്ട് സമഗ്രമായ ഒരു കടാശ്വാസനിയമം കൊണ്ടുവരാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അത് ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഇൻഷ്വറൻസ് ആനുകൂല്യം ഉപയോഗിച്ച് കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്രാ, എന്നീ സംസ്ഥാനങ്ങൾ കൃഷിക്കാരുടെ കടങ്ങൾ റദ്ദ് ചെയ്തു കൊടുത്തിരുന്നു. കർണ്ണാടകം 45 കോടി രൂപയും തമിഴ്നാട് 35 കോടി രൂപയുമാണ് ഇപ്രകാരത്തിൽ ഇളവു ചെയ്തു കൊടുത്തത്. കേരളത്തിൽ എന്തുകൊണ്ട് ഈ ആനുകൂല്യം വാങ്ങിച്ചെടുക്കാൻ സാധിച്ചില്ല ?

ശ്രീ. പി. ജെ. ജോസഫ് : വിള ഇൻഷ്വറൻസിന്റെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഈ കാര്യങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൃഷിനാശം വന്നിട്ടുള്ള സ്ഥലങ്ങളിലാണ് ശരിക്കും ഇതിന്റെ പ്രയോജനം കൃഷിക്കാർക്ക് ലഭ്യമാക്കേണ്ടത്. അതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം പരിഹരിക്കുന്നതിന് നടപടി

* 244 [265] ശ്രീ. എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. വി. കെ. രാജൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ-വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റ് നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്) : പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുക ; പ്രവർത്തന പുരോഗതിയെക്കുറിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ മന്ത്രിക്കും മന്ത്രിസഭക്കും പരിഗണനയ്ക്കായി സമർപ്പിക്കുക, സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങൾ കൈവരിക്കാൻ സമുചിതമായ പരിപാടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, പൊതുമേഖലാസ്ഥാപനങ്ങളിൽ മുതൽമുടക്കുന്നതിനെക്കുറിച്ചും സമാനസ്വഭാവമുള്ളവയെ ഏകീകരിക്കുന്നതിനും നഷ്ടത്തിൽ നടക്കുന്നവയെ ലിക്വിഡേറ്റ് ചെയ്യുന്നതിനും വേണ്ട നടപടികൾ എടുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി "ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്" എന്ന ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുവായി അവലോകനം ചെയ്യുന്നതിനുപുറമേ, ചില സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദമായി പഠനം നടത്തി സമർപ്പിച്ച. നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരേരീതിയിൽ പ്രവർത്തനം നടക്കുന്ന ചില കോർപ്പറേഷനുകളെ ഒന്നാക്കി പ്രവർത്തിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. പൊതുമേഖലാസ്ഥാപനങ്ങളിൽ ഉയർന്ന തസ്തികയിലേക്കുള്ള എക്സിക്യൂട്ടീവുകളുടെ നിയമനത്തിനായി ഒരു "പബ്ലിക് എന്റർപ്രൈസസ് റിക്രൂട്ട്മെന്റ് ബോർഡ്" രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : വിദഗ്ദ്ധമായ മാനേജ്മെന്റിനുള്ള ആളുകൾ ഇല്ലാത്തതും പ്രവർത്തന മൂലധനത്തിന്റെ കുറവുമാണ് ഇന്ന് മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാകുന്നത് എന്ന കാര്യം ഗവൺമെന്റ് മനസിലാക്കിയിട്ടുണ്ടോ, അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തിക പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് പരമാവധി സഹായിക്കാനുള്ള നടപടികൾ എടുത്തു വരുന്നു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

അനധികൃത മരംമുറിയ്ക്കൽ

* 245 [266] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :
,, എ. കെ. പത്മനാഭൻ :
,, സി. കെ.. തങ്കപ്പൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും അനധികൃതമായി മരം മുറിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly